**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3838** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആസിഡ് ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആസിഡ് ആക്രമണം തടയുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | (എ) | സ്കൂളുകളുടെയും ക്യാമ്പസുകളുടെയും പരിസരത്തും ബസ് സ്റ്റാന്റുകളിലും, ആശുപത്രികളിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും പോലീസിനെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുണ്ട്. L&O Patrol വാഹനങ്ങൾ, പിങ്ക് പട്രോൾ വാഹനങ്ങൾ തുടങ്ങിയവ, കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തി വരുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായാൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ആസിഡുകളുടെ വില്പന, കൈവശം വയ്ക്കൽ, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | (ബി) | ആസിഡുകളുടെ വില്പന, കൈവശം വയ്ക്കൽ തുടങ്ങിയവയ്ക്ക് ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം വിൽപ്പനക്കാരനും ഉപഭോക്താവിനും ലൈസൻസ് വേണമെന്നും ആയതിന്റെ ലോഗ് ബുക്ക്/രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശമുള്ളതും സ്റ്റോക്ക് വിവരങ്ങൾ ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേട്ടിനെ അറിയിക്കണമെന്നും മറ്റും നിർദേശിച്ചിട്ടുള്ളതുമാണ്. |
| (സി) | ആസിഡ് ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് ചികിത്സക്കായി എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളും ആണ് സർക്കാർ നൽകി വരുന്നത്; സ്വകാര്യ ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ലഭ്യമാണോ? | (സി) | ആസിഡ് ആക്രമണത്തിന് ഇരയായവർക്ക് അടിയന്തര ശ്രദ്ധ നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഉണ്ട്. അഡ്മിറ്റ് ചെയ്ത് ചികിത്സ വേണ്ടവർക്ക് BURNS യൂണിറ്റിൽ സർജറി/പ്ലാസ്റ്റിക് സർജറി വിഭാഗത്തിന് കീഴിൽ ആവശ്യമായ എല്ലാ ചികിത്സയും നൽകുന്നതോടൊപ്പം ആവശ്യമെങ്കിൽ മെഡിക്കൽ, സർജറി, ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ. എൻ.റ്റി തുടങ്ങിയ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സംയുക്തമായുള്ള ചികിത്സയും നൽകി വരുന്നു. കൗൺസിലിംഗ് ആവശ്യമായവർക്ക് സൈക്യാട്രി വിഭാഗത്തിൽ ആയതിനുള്ള സൗകര്യവും |

| | | | |
|---|---|---|---|
| | | | ചെയ്യാറുണ്ട്. ഇവർക്ക് സൗജന്യമായി ചികിത്സയും മരുന്നുകളും ഭക്ഷണവും നൽകുന്നുണ്ട്. Plastic surgery, Physiotherapy, Surgery എന്നീ വിഭാഗങ്ങൾ ഉള്ള സ്വകാര്യ ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ